# വേൾഡ് ട്രേഡ് സെന്ററിലെ മൃതദേഹങ്ങൾ എവിടെപ്പോയി?

പ്രശാന്ത്

യുദ്ധാഘോഷം മാധ്യമങ്ങൾക്ക് മടുത്തു തുടങ്ങിയിരിക്കുന്നു. സി.എൻ.എൻ-ലിൽ നരച്ചുപൊങ്ങുന്ന 'അമേരിക്കൻ പാടിയോട്ടിസവും', 'വിലക്കപ്പെട്ട അൽ-ജസീറ'യിലെ കാഴ്ചകളും നേരമ്പോക്കായി മാറിയിരിക്കുന്നു. കേരളത്തിലെ കടലുണ്ടി ദുരന്തത്തിലെ മൃതദേഹങ്ങൾ ലോകജനതയ്ക്കു മുമ്പിൽ കാഴ്ചയാക്കിയ സി.എൻ.എൻ. 'അമേരിക്കൻ ജനത'യുടേതെന്ന് അവകാശപ്പെടുന്ന മൃതദേഹങ്ങൾ നമ്മെ കാണിക്കുവാൻ വിട്ടുപോയി. അവകാശവാദങ്ങളില്ലാതെ മണ്ണിൽ മൂടപ്പെട്ട മൃതദേഹങ്ങളിൽ എത്ര ഇന്ത്യക്കാരുണ്ടായിരുന്നു? നമുക്കറിയില്ല. വേൾഡ് ട്രേഡ് സെന്ററിൽ പ്രവർത്തിച്ചിരുന്ന അനേകം ഇന്ത്യാക്കാരുടെ സ്ഥാപനങ്ങൾ നമുക്കു മുന്നിലെ ചോദ്യചിഹ്നമാണ്. ചിതറിവീഴുന്ന ഡബ്ല്യൂ.ടി.സി., പാറി നടക്കുന്ന അമേരിക്കൻ പതാക, ആർത്തലയ്ക്കുന്ന അമേരിക്കൻ ജനത, സി.എൻ.എൻ.-ൽ കാണുവാനുള്ളത് ഇത്തരം ദൃശ്യങ്ങൾമാത്രം.

**മീഡിയ പൾസ്**

ഗൾഫ് യുദ്ധകാലത്തും നമുക്കുള്ള കാഴ്ചയായി അമേരിക്കൻ മാധ്യമ മുതലാളിമാർക്ക് നല്കാൻ ഒരു ചിത്രമുണ്ടായിരുന്നു. എണ്ണപ്പാടയിൽപെട്ടുപോയ ഒരു പക്ഷിയെ രക്ഷപ്പെടുത്താൻ ശ്രമിക്കുന്ന ഒരു അമേരിക്കൻ സൈനികൻ. ദൂരദർശൻപോലും നിരന്തരം കാണിച്ചുകൊണ്ടിരുന്ന ഒരു ചിത്രമായിരുന്നു ഇത്. ഇറാഖിൽ കൊല്ലപ്പെടുന്ന സ്ത്രീകളോ കുട്ടികളോ നമ്മുടെ മുന്നിലുണ്ടായിരുന്നില്ല. ഉപരോധം മൂലം ഇറാഖിൽ കൊല്ലപ്പെട്ട അഞ്ചുലക്ഷം കുട്ടികളൊന്നും നമ്മുടെ മാധ്യമങ്ങളുടെ ശ്രദ്ധയിൽപ്പെട്ടില്ല. കുവൈറ്റിലെ ശീതികരിച്ച പഞ്ചനക്ഷത്രഹോട്ടൽ മുറിയിൽ താമസിക്കപ്പെട്ട മാധ്യമപ്രവർത്തകർക്ക് വേണ്ട ചിത്രങ്ങളും വാർത്തകളും കൈകളിലെത്തിക്കപ്പെട്ടിരുന്നു. അതുകൊണ്ടുതന്നെ രണഭൂമിയിലെ 'അഡ്വെഞ്ചറസ്' പത്രപ്രവർത്തനം മനസ്സിൽ കണ്ടുകൊണ്ട് തന്നെയാണ് അവർ എഴുതിയ യുദ്ധക്കുറിപ്പുകൾക്ക് അമേരിക്കൻ ചുവ' ഉണ്ടായിരുന്നതും. ഇത് പഴങ്കഥ – എന്നാൽ ഇന്ന് ലോകജനതയുടെ കാഴ്ചയിൽ നിന്നും 'അൽ-ജസീറയെ' അകറ്റി നിർത്താനുള്ള ശ്രമങ്ങൾക്ക് അമേരിക്കക്ക് കാര്യമായ പിന്തുണ ലഭിച്ചില്ലെന്നത് ആശ്വാസം.